# ഉണ്ണിയീശോയുടെ നൊവേന



**പ്രാരംഭ ഗാനം**

(രീതി: അദ്ധ്വാനിക്കുന്നവർക്കും.... )

ലോകത്തിൻ രക്ഷകനായ
ഭുവിതിൽ ജാതനായ
പൈതലാമുണ്ണിയേശു
പ്രാർത്ഥന കേട്ടീടണേ.

നേർവഴി വിട്ടുപോയ
പാപികൾ ഞങ്ങളെ നീ
മോചിച്ചനുഗ്രഹിക്കാൻ
തൃപ്പാദം കുമ്പിടുന്നു.
ലോകത്തിൻ ...

ആലംബഹീനർ ഞങ്ങള്
നിന്നെ വണങ്ങീടുന്നു
നിത്യവും ഞങ്ങൾക്കു നീ
കൂട്ടായിയിരിക്കണമേ.
ലോകത്തിൻ ...

**പ്രാരംഭ പ്രാർത്ഥന**

കാരുണ്യവാനും അനന്ത നന്മ സ്വരൂപിയുമായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങ് ഞങ്ങൾക്കു നൽകിയിട്ടുള്ള എല്ലാ നന്മകളെക്കുറിച്ചും ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ സകല പാപങ്ങളെക്കുറിച്ചും ഞങ്ങൾ മനസ്ഥപിച്ച് പൊറുതിയപേക്ഷിക്കുകയും ഇനിയൊരിക്കലും പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. സർവ്വ നന്മ സ്വരൂപിയായ അങ്ങയെ ഞങ്ങള് മുഴുഹൃദയത്തോടെ സ്നേഹിക്കുന്നു. അങ്ങേ പ്രിയപുത്രനെ ഞങ്ങൾക്കു രക്ഷകനായി നൽകിയതിന് ഞങ്ങള് നന്ദി പറയുന്നു. കാലിത്തൊഴുത്തിൽ ജനിച്ച് 33 സംവത്സരം പാപികളായ ഞങ്ങൾക്കുവേണ്ടി ത്യാഗപൂർണ്ണമായ ജീവിതം നയിച്ച് കാൽവരിയില് ജീവാർപ്പണം ചെയ്ത ഈശോയുടെ സഹനത്തെ ഞങ്ങള് നന്ദിയോടെ ഓർക്കുന്നു. ഉണ്ണിയേശുവിനെ ദൈവകല്പനയാൽ ഉദരത്തില് വളർത്തി ലോകത്തിനു പ്രദാനം ചെയ്യുകയും സംരക്ഷിക്കുകയും കാത്തുപരിപാലിക്കുകയും ചെയ്ത മാതാവേ,അങ്ങയെ ഞങ്ങൾ വണങ്ങുന്നു. ദൈവകുമാരനെ ശൈശവകാലത്തും ബാല്യത്തിലുമെല്ലാം അനേകം അപകടങ്ങളിൽ കാത്തുപരിപാലിക്കുന്നതിന് ക്ലേശകരമായ യാത്രകഴിച്ച് മാനസികവ്യഥ അനുഭവിച്ച് തിരുക്കുടുംബത്തെ പാലിക്കുന്നതിന് വിയർപ്പുചിന്തി തച്ചന്റെ ജോലി നിർവഹിച്ച വിശുദ്ധ യൗസേപ്പുപിതാവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. മാതാപിതാക്കൾക്കു കീഴ്‌വഴങ്ങി ജീവിച്ച ഉണ്ണിയേശുവേ അങ്ങ് ഞങ്ങളെ കാത്തുപരിപാലിക്കണമേ. ഭക്തിപൂർവ്വം ഈ നൊവേന നടത്തുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങൾക്കാവശ്യമായ എല്ലാ നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുന്നതിന് ദിവ്യഉണ്ണിയേ, അങ്ങു ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.
1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## ഉണ്ണിയീശോയോടുള്ള അപേക്ഷ

ഇഹലോകവാസികളായ ഞങ്ങളോരോരുത്തരോടുമുള്ള സ്നേഹത്താല് മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങള് ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളില് ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയുടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്ക് ഞങ്ങൾ നന്ദിപറയുന്നു. ഞങ്ങളുടെ സഹായവും രക്ഷയും അങ്ങുമാത്രമാണെന്ന് ഞങ്ങൾ ഉറപ്പായിവിശ്വസിക്കുന്നു. അങ്ങേ തിരുമുമ്പില് അണഞ്ഞ് ഈ നൊവേനയിൽ ഇന്നു ഞങ്ങള് പ്രത്യേകമായി അപേക്ഷിക്കുന്ന ......... ആവശ്യങ്ങൾ ഞങ്ങൾക്ക് ഓരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## സുവിശേഷ വായന

വിശുദ്ധ ലൂക്കാ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.
(അദ്ധ്യായം: 2:41 മുതല് 52 വരെ വാക്യങ്ങൾ)

യേശുവിന്റെ മാതാപിതാക്കന്മാർ ആണ്ടുതോറും പെസഹാ തിരുനാളിന് ജറുസലേമില് പോയിരുന്നു. അവന് പന്ത്രണ്ട് വയസ്സായപ്പോൾ പതിവനുസരിച്ച് അവര് തിരുനാളിനു പോയി. തിരുനാൾ കഴിഞ്ഞ് അവര് മടങ്ങിപ്പോന്നു. എന്നാൽ ബാലനായ യേശു ജറുസലേമിൽ തങ്ങി; മാതാപിതാക്കന്മാർ അത് അറിഞ്ഞില്ല. അവൻ യാത്രാസംഘത്തിന്റെ കൂടെ കാണും എന്ന് വിചാരിച്ച് അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ അന്വേഷിച്ചിട്ട് കാണായ്കയാൽ യേശുവിനെ തിരക്കി അവർ ജറൂസലേമിലേയ്ക്ക് തിരിച്ചുപോയി. മൂന്നു ദിവസങ്ങൾക്കു ശേഷം അവര് അവനെ ദേവാലയത്തില് കണ്ടെത്തി. അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു.
അവനെ കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവന്റെ അമ്മ അവനോടു പറഞ്ഞു: മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോടു ചോദിച്ചു: നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളില് വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങളറിയുന്നില്ലേ? അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന്, അവർക്കു വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## സമൂഹ പ്രാർത്ഥന

**കാർമ്മി:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെ ഉണ്ണിയീശോയെ ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** കാലിത്തൊഴുത്തിൽ പിറന്ന് കഠിനമായ തണുപ്പും അവഗണനയും സഹിക്കുവാൻ തിരുമനസ്സായ ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട്ടു ക്ഷമിക്കണമെന്നും മേലിൽ പാപസാഹചര്യങ്ങളില് വീഴാതെ ഞങ്ങളെ കാത്തുകൊള്ളണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** തീരാരോഗങ്ങൾ, അപകടങ്ങള്, ദാരിദ്ര്യം മുതലായവയിൽനിന്നു മോചനം നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** നല്ല കാലാവസ്ഥയും സമൃദ്ധമായ വിളവുകളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** എല്ലാ മനുഷ്യരും സഹോദരസ്നേഹത്തിലും സാധുജനാനുകമ്പയിലും വളർന്നുവരുവാനുള്ള അനുഗ്രഹം നൽകണമേയെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ മക്കൾ ഉണ്ണിയീശോയെപ്പോലെ അനുസരണയിലും ദൈവഭക്തിയിലും അധികാരാദരവിലും വളർന്നുവരുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** എല്ലാ വിദ്യാർത്ഥികളും പഠനത്തിൽ സമർത്ഥരും സഹപാഠികേളാട് സ്നേഹത്തിലും അദ്ധ്യാപകരോട് ആദരവിലും വളർന്നുവരുവാനുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയെ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഈ നവനാളിൽ സംബന്ധിച്ച് അങ്ങയോട്ടു പ്രാർത്ഥിക്കുന്ന ഞങ്ങള് ഓരോരുത്തരുടെയും ആവശ്യങ്ങള് സാധിച്ചുതന്ന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഉണ്ണിയീശോയെ, ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

ബാല്യം മുതൽ അനുസരണത്തിന്റെ ഉത്ക്കൃഷ്ട മാതൃകയായി വളർന്നുവന്ന ഉണ്ണിയീശോയെ, ഞങ്ങളിൽ തീക്ഷ്ണമായ വിശ്വാസവും ദൈവഭക്തിയും വിനയവും അനുസരണവും സ്നേഹവും സേവനസന്നദ്ധതയും പരിപോഷിപ്പിക്കണമേ. അഗതികളുടെ സങ്കേതവും ആശ്രയവുമായ ഉണ്ണിയീശോയെ, അങ്ങയുടെ ജീവിതമാതൃക പിന്തുടർന്ന് ദൈവവിശ്വാസത്തിൽ അടിയുറച്ചു ജീവിച്ച് ഉത്തമമാതൃകയില് വളർന്നുവരുവാന് ഞങ്ങൾ ഓരോരുത്തരെയും അനുഗ്രഹിക്കണമെന്ന് അങ്ങയോട്ടു ഞങ്ങള് അപേക്ഷിക്കുന്നു. ആമ്മേൻ.

## സമാപന പ്രാർത്ഥന

സകലനന്മസ്വരൂപിയായ ഉണ്ണിയീശോയെ, അങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ. ആത്മീയവും ശാരീരികവുമായ അസ്വസ്ഥതകളാൽ വിഷമിക്കുന്ന അങ്ങേ ഭക്തരും ദാസരുമായ ഞങ്ങളെ അങ്ങ് തൃക്കൺപാർക്കണമേ. കാരുണ്യവാനായ ഉണ്ണിയീശോയെ, ഞങ്ങളുടെ ജീവിതത്തിൽ വന്നുപോയിട്ടുള്ള സകലതെറ്റുകളും ഞങ്ങളോട് ക്ഷമിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. പാപവഴിയിൽ നിന്നും അകന്ന് അങ്ങേയ്ക്ക് പ്രീതികരമായ ഒരു പുതിയ ജീവിതം നയിക്കുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്ക് നൽകുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. പ്രത്യേകിച്ച് ഈ നൊവേനയിൽ ഞങ്ങള് നിയോഗം വച്ച് പ്രാർത്ഥിക്കുന്ന ..... കാര്യങ്ങൾ സാധിച്ചു തന്ന് ഞങ്ങളെ രക്ഷിക്കണമെന്ന് ഞങ്ങൾ സവിനയം അപേക്ഷിക്കുന്നു. ആമ്മേൻ.

## സമാപന ഗാനം

( രീതി: മറിയമേ നിന്റെ ... )

പുൽക്കൂട്ടില് വന്നു ജാതനായോനേ
പൈതലാമുണ്ണിയേശുവേ
നിൻ മുൻപില് ഞങ്ങളേകുന്നു കാഴ്ച
ദാനമായ് ത്തന്നീ ജീവിതം.

കാരുണ്യവാനേ നിൻ രൂപം കണ്ണി-
നാനന്ദം എത്ര മോഹനം
മാനവർക്കെന്നും സാന്ത്വനമേകും
ഉണ്ണിയേശുവിൻ ദർശനം

വിണ്ണിൻ രാജനാം പൊന്നുണ്ണിയെന്റെ
ഹൃത്തിൽ വന്നു നീ നിറയണേ
സ്തോത്രഗീതങ്ങളാലപിച്ചു ഞാൻ
നിത്യം നിന്നെ സ്തുതിച്ചിടാം.